LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടിയിലെ അപേക്ഷകളിന്മേലുള്ള തീർപ്പാക്കൽ

45(45) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ അപേക്ഷകളിൽ തീരുമാനമെടുക്കാതെ ബാക്കി നിൽക്കുന്ന അപേക്ഷകളെത്ര ;

(ബി) നയപരമായ തീരുമാനമെടുക്കേണ്ട അപേക്ഷകളിൽ തീരുമാന മാകാത്തവ എത്ര ;

(സി) വസ്തു സംബന്ധമായ അപേക്ഷകളിൽ തീരുമാനമാകാതെ ബാക്കി നിൽക്കുന്നവ എത്ര ;

(ഡി) ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിന് അപേക്ഷിച്ചവരിൽ ധനസഹായം ഇതുവരെ ലഭ്യമാകാത്തത് എത്രപേർക്ക്?

ഉത്തരം

(എ-ഡി) നയപരമായ തീരുമാനമെടുക്കേണ്ടതും നിയമപരമായ തടസ്സമുള്ളതുമായ വിഷയങ്ങളൊഴിച്ച് എല്ലാ പരാതികളിലും തീരുമാനമായിട്ടുണ്ട്. വിഷയം തിരിച്ചുള്ള അപേക്ഷകളുടെ വിവരം ലഭ്യമല്ല.

ജനസമ്പർക്ക പരിപാടിയിലൂടെ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കൽ

46(47) ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

കെട്ടിക്കിടക്കുന്നതും വർഷങ്ങളായി പരിഹാരം ഉണ്ടാക്കുവാൻ ജനങ്ങൾ ഓഫീസുകളിൽ കയറിയിറങ്ങുന്നതുമായ കേസ്സുകൾ ജനസമ്പർക്ക പരിപാടികളിൽ തീർപ്പാകുന്നുവെങ്കിൽ ആയതിന് നിയമങ്ങളിലും ചട്ടങ്ങളിലും സർക്കാർ ഇളവ് വരുത്തിയ സംഭവം ഉണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇപ്രകാരമുള്ള കേസ്സുകൾ തീർപ്പാക്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതി വരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുവാൻ സാദ്ധ്യമല്ല. ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കേണ്ടത് ഗവൺമെന്റ് തലത്തിലാണ്.